"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയ ശ്രീമതി.എ.എസ്.ബിജി ഫയൽ ചെയ്ത **WP(C)No.29439/2021** കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച **15.12.2022**-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2362/2023/GEDN തീയതി, തിരുവനന്തപുരം, 10-04-2023

പരാമർശം:- **1.** ശ്രീമതി എ.എസ്.ബിജി സമർപ്പിച്ച **1.11.2021**-ലെ ഹർജി **(Ext P7)**

2.ശ്രീമതി.എ.എസ്.ബിജി ഫയൽ ചെയ്ത **WP(C)No.29439/2021** കേസിൽ ബഹു. ഹൈക്കോടതി പുറപ്പെട്ടുവച്ച **15.12.2022**-ലെ വിധിന്യായം

3.കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **20.2.2023**-ലെ **B6/5193/2021** നമ്പർ കത്ത്

4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **23.2.2023**-ലെ **DDEKLM/1092/2023/B3** നമ്പർ കത്ത്

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **24.2.2023**-ലെ **ET1/275/2022/DGE** നമ്പർ കത്ത്

ഉത്തരവ്

കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയ ശ്രീമതി.എ.എസ്.ബിജി ഫയൽ ചെയ്ത **WP(C)No.29439/2021** കേസിൽ ബഹു. ഹൈക്കോടതി **15.12.2022** തീയതിയിലെ വിധിന്യായം പ്രകാരം, **Ext P7 (Representation dated 01.11.2021)** പരിശോധിച്ച്, വിധിന്യായം കൈപ്പറ്റി മൂന്നു മാസത്തിനകം ഹർജിക്കാരിയെയും മാനേജരെയും **(R5)** കേട്ട് തീരുമാനം കൈക്കൊള്ളുവാൻ ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെയും മാനേജരുടെയും പ്രതിനിധികൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ **01.03.2023** തീയതിയിൽ **google meet** മുഖേന കേൾക്കുകയുണ്ടായി.

2)ഹർജിക്കാരി ശ്രീമതി.എ.എസ്.ബിജിയുടെ വാദങ്ങൾ ഇപ്രകാരമാണ്:

പാരിപ്പള്ളി അമൃത ഹയർ സെക്കന്ററി സ്കൂളിൽ 1.6.2010 പ്രാബല്യത്തിൽ യു.പി.എസ്.എ. അധിക തസ്തികയിൽ നിയമിക്കപ്പെട്ട ഹർജിക്കാരിയുടെ നിയമനാംഗീകാരം 1.6.2011 മുതൽ മാത്രം അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ നിയമന തീയതിയായ 1.6.2010 മുതൽ 31.5.2011 വരെയുള്ള കാലയളവിലെ സേവനം അംഗീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

ഹർജിക്ക് ആസ്പദമായ വസ്തുതകൾ നിലവിലുള്ള ഉത്തരവുകൾക്കും കോടതിവിധികൾക്കും അനുസൃതമായി പരിഗണനയിലെടുത്ത് ഉത്തരവാകുന്നതിനായി താഴെപറയും പ്രകാരം സമർപ്പിക്കുന്നു.

ഹർജിക്കാരിയായ ശ്രീമതി. എ.എസ്.ബിജിയെ സ്കൂൾ മാനേജർ 1.6.2010 പ്രാബല്യത്തിൽ അനുവദനീയമായ യു.പി.എസ്.എ. അധിക തസ്തികയിൽ നിയമിച്ചു. എന്നാൽ 2006-2007 മുതൽ 2009-2010 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നിയമന നിരോധനം നിലനിന്നിരുന്നു. തുടർന്ന് സർക്കാർ പുറപ്പെടുവിച്ച 12.1.2010-ലെ ജി.ഒ.(പി)10/2010/പൊ.വി.വ പ്രകാരം നിയമന നിരോധന കാലയളവിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് 1.6.2010-ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ, നിയമന നിരോധന കാലയളവിൽ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾക്ക് തുല്യമായ എണ്ണം സംരക്ഷിതാദ്ധ്യാപകരെ 1:1 അനുപാതത്തിൽ നിയമിക്കേണ്ടതാണെന്ന് സമ്മതിച്ചുകൊണ്ട് മാനേജർ ബോണ്ട് സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായി. എന്നാൽ മാനേജർ ഇപ്രകാരമുള്ള ബോണ്ട് സമർപ്പിച്ചിരുന്നില്ല.

1.10.2011-ലെ ജി.ഒ.(പി)199/2011/പൊ.വി.വ പ്രകാരം സർക്കാർ അദ്ധ്യാപക പാക്കേജ് 1.6.2011 പ്രാബല്യത്തിൽ നടപ്പിൽ വരുത്തി. 14.7.1997-നും 31.3.2011-നും ഇടയിൽ നിയമിക്കപ്പെട്ടവർക്ക് 1.6.2011 മുതൽ നിയമനാംഗീകാരം നൽകുന്നതിനാണ് ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നത്. അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 60930/ജെ2/2011/പൊ.വി.വ നമ്പർ സർക്കാർ കത്തിലെ വിശദീകരണത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്നുള്ള വ്യവസ്ഥകൾക്ക് 1.10.2011 മുതൽ (അദ്ധ്യാപക പാക്കേജ് ഉത്തരവിന്റെ തീയതി മുതൽ) പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് സർക്കാർ പൊതുതീരുമാനം പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ യു.പി.എസ്.എ. തസ്തികയിലെ നിയമനം അദ്ധ്യാപക പാക്കേജിൽപ്പെടുത്തി 1.6.2011 പ്രാബല്യത്തിൽ അംഗീകരിച്ചു. തുടർന്ന് ഹർ ജിക്കാരിയെ 1.6.2011 പ്രാബല്യത്തിൽ തന്നെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും പ്രസ്തുത സ്ഥാനക്കയറ്റ നിയമനം 29.1.2016-ലെ ജി.ഒ.(പി) 29/2016/പൊ.വി.വ പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്.

അതിനാൽ യു.പി.എസ്.എ തസ്തികയിലെ നിയമനാംഗീകാര തീയതിയായ 1.6.2010 മുതൽ നിയമനാംഗീകാരം ലഭിച്ച 1.6.2011 വരെയുള്ള കാലയളവിനിടയിലുള്ള സേവനകാലയളവ് (1.6.2010 മുതൽ 31.5.2011 വരെ) അംഗീകരിക്കുന്ന വിഷയമാണ് പരിഗണിക്കപ്പെടേണ്ടത്.

നിയമന നിരോധന കാലയളവിലെ സേവനകാലയളവ് 12.1.2010-ലെ ജി.ഒ.(പി)10/2010/പൊ.വി.വ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ അംഗീകരിക്കാതിരുന്ന സാഹചര്യത്തിൽ നിരവധി അദ്ധ്യാപകർ

കേരളാ ഹൈക്കോടതിയിൽ റിട്ട് ഹർജികൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിട്ട് ഹർജികളിലെ വിധിന്യായങ്ങളിൽ മാനേജർ ബോണ്ട് കൊടുത്തിട്ടില്ല എന്ന കാരണത്താൽ മാത്രം അദ്ധ്യാപകരുടെ നിയമനാംഗീകാരം നിഷേധിക്കുന്നത് നീതി നിഷേധമാണെന്നും അതിനാൽ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്തും ബോണ്ടിലെ വ്യവസ്ഥകൾ മാനേജർക്ക് ബാധകമാക്കിയും നിയമന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കുന്നതിന് കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത റിട്ട് ഹർജികളിലെ വിധിന്യായത്തിന്മേൽ സർക്കാർ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ ഹർജി സമർപ്പിച്ചു. അപ്രകാരം സമർപ്പിക്കപ്പെട്ട **W.A.No.2290/2015** ഉൾപ്പെടെയുള്ള വിധിന്യായങ്ങളിൽ സിംഗിൾ ബെഞ്ചിന്റെ റിട്ട് ഹർജികളിലെ വിധിന്യായങ്ങൾ കോടതി ശരിവെക്കുകയും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമനാംഗീകാരം നൽകുന്നതിന് വിധിയായിട്ടുള്ളതുമാണ്.

കൂടാതെ **WA No.2091/2018** ഉൾപ്പെടെയുള്ള പൊതു വിധിന്യായത്തിലും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമന നിരോധന കാലയളവിലെ സേവനകാലയളവ് അംഗീകരിക്കുന്നതിന് കോടതി വിധിയായിട്ടുള്ളതാണ്.

കൂടാതെ സർക്കാർ പുറപ്പെടുവിച്ച **25.10.2011**-ലെ **60930/ജെ2/11/**പൊ.വി.വ നമ്പർ സർക്കാർ വിശദീകരണ കത്തിന്റെ ഖണ്ഡിക **1**എ-യിൽ നിയമന നിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനങ്ങൾ **1.6.2011** മുതൽ മാത്രം അംഗീകരിക്കുമ്പോൾ **1.6.2011**-ന് മുമ്പുള്ള സേവനകാലയളവ് പിന്നീട് ഓരോ കേസ്സും പ്രത്യേകമായി പരിഗണിക്കുന്നതിനും ഉത്തരവായിരുന്നു.

തുടർ ന്ന്, **11.8.2014**-ലെ ജി.ഒ.(പി)**154/14/**പൊ.വി.വ-ൽ **1.6.2011**-ന് മുമ്പുള്ള സേവനകാലയളവ് അംഗീകരിക്കേണ്ടതില്ല എന്ന് സർക്കാർ പൊതുതീരുമാനം എടുത്തിരുന്നുവെങ്കിലും പ്രസ്തുത തീരുമാനം **WP(C)19008/2013** ഉൾപ്പെടെയുള്ള വിവിധ റിട്ട് ഹർജികളിലെ **17.12.2015**-ലെ പൊതുവിധിന്യായത്തിൽ കോടതി റദ്ദാക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ **1.6.2011**-ന് മുമ്പുള്ള ഹർജിക്കാരിയുടെയും സമാനതരത്തിലുള്ള അദ്ധ്യാപകരുടെയും നിയമന നിരോധന കാലയളവിലെ സേവനം കോടതിവിധികൾ പ്രകാരം അംഗീകാരയോഗ്യമായി ഭവിക്കുന്നുണ്ട്.

ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച **16.10.2021**-ലെ സ.ഉ.(സാ.ധാ) **4664/2021/**പൊ.വി.വ -ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ഉത്തരവിൽ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് തൃശ്ശൂർ ചാൽഡിയൻ സിറിയൻ എച്ച്.എസ്.എസ്.ലെ യു.പി.എസ്.എ അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ.വർഗ്ഗീസ് സി. കൊച്ചുണ്ണിയുടെ **1.6.2009** മുതലുള്ള അധിക തസ്തികയിലെ നിയമനം മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് കോടതി വിധിയുടെ അടിസ്ഥാനത്തിൽ **1.6.2009** മുതൽ **31.5.2011** വരെ (അദ്ധ്യാപക പാക്കേജ് പ്രകാരം **1.6.2011** മുതൽ നിയമനാംഗീകാരം ലഭിച്ച സാഹചര്യത്തിൽ) അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിലെ അഞ്ചാം ഖണ്ഡികയിൽ മാനേജർ ബോണ്ട് വെച്ചതായി പരിഗണനയിലെടുത്ത് നിയമനാംഗീകാരം നൽകുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ മാനേജർമാർ ഫയൽ ചെയ്തിട്ടുള്ള കേസ്സിലെ അന്തിമവിധിക്ക് വിധേയമായിരിക്കും ഈ ഉത്തരവെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്.

ഇതേ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച 19.11.2021-ലെ സ.ഉ.(സാധാ) 5224/2021/പൊ.വി.വ-ലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത ഉത്തരവിൽ കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ ഹൈസ്കൂളിൽ എച്ച്.എസ്.എസ്.ടി.(ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ജസ്ന കോട്ടായിയുടെ നിയമന നിരോധന കാലയളവിലെ നിയമനം അംഗീകരിക്കുമ്പോൾ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും സ്റ്റേ ലഭിച്ചിട്ടുണ്ടെങ്കിൽപ്പോലും സുപ്രീംകോടതിയുടെ അന്തിമവിധിക്ക് വിധേയമായി സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചാൽ മതിയെന്നും സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

സർക്കാർ പുറപ്പെടുവിച്ച 2.7.2022-ലെ സ.ഉ.(സാധാ) 3237/2021/പൊ.വി.വ-ൽ പാരിപ്പള്ളി അമൃത സംസ്കൃതം ഹയർസെക്കന്ററി സ്കൂളിൽ (ഇതേ സ്കൂളിൽ) 1.6.2010 മുതൽ എച്ച്.എസ്.എസ്.ടി.മാരായി നിയമിക്കപ്പെട്ട ര്രീമതി. ബിന്ദു ആർ.ഡി. , ശ്രീമതി. ലക്ഷ്മി എൽ. എന്നിവരുടെ 1.6.2010 മുതലുള്ള നിയമനം നിയമനതീയതി മുതൽ തന്നെ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

സമാന തരത്തിലുള്ളതാണ് ഹർജിക്കാരിയായ ശ്രീമതി. എ.എസ്. ബിജിയുടെ യു.പി.എസ്.ടി. തസ്തികയിലെ 1.6.2010 മുതലുള്ള അധിക തസ്തികയിലെ നിയമനം. അതിനാൽ കോടതിവിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സമാനതരത്തിൽ നിയമന നിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ട നിരവധി അദ്ധ്യാപകരുടെ നിയമനങ്ങൾ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് കോടതി വിധിയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പരിഗണനാവിഷയമായ ഹർജിക്കാരിയുടെ 1.6.2010 മുതൽ 31.5.2011 വരെയുള്ള സേവനകാലയളവും മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് നിയമാനുസൃതമായി അംഗീകരിക്കപ്പെടേണ്ടതാണ്. ഇപ്രകാരം നിയമനാംഗീകാരം നൽകുമ്പോൾ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനുള്ള ബോണ്ടിലെ മാനേജർക്ക് ബാധകമായ വ്യവസ്ഥ സുപ്രീംകോടതിയിൽ നിലവിലിരിക്കുന്ന കേസ്സുകളുടെ വിധിന്യായത്തിന് അനുസൃതമായി നിലനിർത്താവുന്നതുമാണ്. അതിനാൽ ഹർജിക്കാരിയായ ശ്രീമതി. എ.എസ്.ബിജിയുടെ 1.6.2010 മുതൽ 31.5.2011 വരെയുള്ള യു.പി.എസ്.ടി. തസ്തികയിലെ നിയമന കാലയളവ് മാനേജർ ബോണ്ട് കൊടുത്തതായി പരിഗണനയിലെടുത്ത് അംഗീകരിച്ചും തദനുസൃതമായ നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയും കോടതിവിധി നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

3) മാനേജർ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു :

പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കന്ററി സ്കൂൾ അധ്യാപിക ശ്രീമതി. ബിജി എ.എസ്.ന് UPSA നിയമനം കിട്ടിയ തീയതിയായ 1.6.2010 മുതൽ 31.5.2011 വരെയുള്ള കാലഘട്ടം, G.O.(Ms) 317/2005 dt. 17.08.2005 പ്രകാരം നിയമന നിരോധന ഉത്തരവുണ്ടായിരുന്ന കാലം, മുൻകാല പ്രാബല്യം നൽകി അംഗീകരിച്ചു കിട്ടുന്നതിന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ WP(C) 29439/2021/DT 15.12.2022 പ്രകാരം ഉണ്ടായ വിധിന്യായത്തിൽ ടിയാളുടെ വാദം കേട്ടും രേഖകൾ പരിശോധിച്ചും അനുയോജ്യമായ തീരുമാനം എടുക്കാൻ എതിർകക്ഷിയായ കേരള സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതും അതിനാൽ ബഹു. കേരള സർക്കാരിന്റെ G.O.(P)10/10-നെതിരെ മാനേജർമാർ സമർപ്പിച്ച അപ്പീൽ

ഇപ്പോഴും ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്നു എങ്കിലും, ഈ കേസിലും സമാനമായ ഇതേ രീതിയിലുള്ള ഒട്ടേറെ റിട്ട് പെറ്റീഷനുകളിലും ടി. **G.O.** പ്രകാരം മാനേജർമാർ ബോണ്ട് വച്ചതായി കണക്കാക്കി മറ്റു വിധത്തിൽ അർഹരാണെങ്കിൽ ടി അധ്യാപികയ്ക്കും മുൻകാല പ്രാബല്യത്തിൽ സർവ്വീസ് അംഗീകരിച്ചു കൊടുക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന ഹർജിയിലെ തീർപ്പിന് വിധേയമായി മാത്രമേ ടി ഉത്തരവുകൾ നൽകാനാവൂ എന്നും നിഷ്കർഷിച്ചിരിക്കുന്നതിനാൽ ബഹു. കോടതി ഉത്തരവ് അനുസരിക്കാൻ മാനേജർമാരും ബാദ്ധ്യസ്ഥരായതിനാലും ടിയാൾക്ക് മുൻകാല പ്രാബല്യം അനുവദിച്ചു കൊടുക്കുന്നതിൽ മാനേജർക്ക് ആക്ഷേപമില്ല എന്നു മാത്രമേ ഇത്തരുണത്തിൽ പ്രസ്ഥാപ്യമായിട്ടുള്ളൂ മേൽ നടപടികൾക്കായി അഭ്യർത്ഥിക്കുന്നു.

4) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു :

പാരിപ്പള്ളി അമൃത സംസ്കൃത ഹൈസ്കൂളിലെ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി. ബിന്ദു ആർ.ജി.യുടെ എച്ച്.എസ്.റ്റി.(ഫിസിക്കൽ സയൻസ്) ആയുള്ള സ്ഥാനക്കയറ്റ ഒഴിവിൽ **01/06/2010** മുതൽ യു.പി.എസ്.റ്റി. ആയി നിയമിതയായ ശ്രീമതി. ബിജി എ.എസ്.ന്റെ നിയമനം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **01/06/2011** മുതൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ടിയാരിയുടെ നിയമനം നിയമനതീയതി മുതൽ തന്നെ തുടർച്ചയായി അംഗീകരിച്ചു കിട്ടുന്നതിനു വേണ്ടിയാണ് എക്സിബിറ്റ് പി 7 ഹർജി സമർപ്പിച്ചിട്ടുള്ളത്.

പാരിപ്പള്ളി അമൃത സംസ്കൃത ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗം പുതുതായി അപ്ഗ്രേഡ് ചെയ്ത വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഇത്തരം സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ എല്ലാം സംരക്ഷിത അധ്യാപകരുടെ നിയമനം വഴി നികത്തണമെന്ന സർക്കാരിന്റെ **28/06/2002**-ലെ സ.ഉ.(പി)**178/2002**/പൊ.വി.വ നിലനിന്നിരുന്നതിനാലും, സ.ഉ. (പി) **317/2005**/പൊ.വി.വ തീയതി **17/08/2005** പ്രകാരം **2006-07** മുതൽ **2009-2010** വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാലും ടിയാരിയുടെ നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസർ നിരസിച്ചു നൽകിയിരുന്നു. **12/01/2010**-ലെ ജി.ഒ.(പി) നം.**10/10**/പൊ.വി.വ -ലെ വ്യവസ്ഥകൾപാലിച്ചുകൊണ്ട് ടി സ്കൂൾ മാനേജർ നിശ്ചിത ബോണ്ട് സമർപ്പിക്കുകയുണ്ടായില്ല. പിന്നീട് സർക്കാരിന്റെ **01/10/2011**-ലെ സ.ഉ. (പി)നം.**199/2011**/പൊ.വി.വ പ്രകാരം അധ്യാപക പാക്കേജ് നിലവിൽ വന്നപ്പോൾ ടിയാരിയെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **01/06/2011** മുതൽ നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്.

01.11.1999 മുതൽ യു.പി.എസ്.റ്റി. ആയി അംഗീകൃത സർവ്വീസ് ഉണ്ടായിരുന്ന ശ്രീമതി. ബിന്ദു ആർ.ജി.യുടെ **01.06.2010** മുതലുള്ള ഹൈസ്കൂൾ അസിസ്റ്റൻറ് ആയുള്ള സ്ഥാനക്കയറ്റ ഒഴിവിലാണ് ഹർജിക്കാരിയായ ശ്രീമതി. ബിജി എ.എസ്.നെ **01.06.2010** മുതൽ യു.പി.എസ്.റ്റി ആയി നിയമിച്ചത്. ശ്രീമതി ബിന്ദു ആർ.ജി.യുടെ സ്ഥാനക്കയറ്റ നിയമനം അധിക തസ്തികയിൽ ആയതിനാൽ നിരസിക്കുകയും പിന്നീട് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി **01.06.2011** മുതൽ നിയമനാംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീമതി. ബിന്ദു ആർ.ജി.യുടെ സ്ഥാനക്കയറ്റ നിയമനത്തിന് നിയമന തീയതി മുതലുള്ള അംഗീകാരം കിട്ടുന്നതിനായി ടിയാരി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ **28133/2020** നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും, അതിൻ മേലുള്ള **16.12.2020**-ലെ വിധിന്യായാനുസരണം പൊതുവിദ്യാഭ്യാസ (ബി)

വകുപ്പിന്റെ 02.07.2021-ലെ സ.ഉ.(സാധാ) 3237/2021 പ്രകാരം ഹൈസ്കൂൾ അസിസ്റ്റൻ റ് (ഫിസിക്കൽ സയൻസ്) തസ്തികയിലെ ടിയാരിയുടെ നിയമനം 01.06.2010 മുതൽ അംഗീകരിച്ചു നൽകിയിരുന്നു. അതിനാൽ ശ്രീമതി.ബിന്ദു ആർ.ജി.യുടെ സ്ഥാനക്കയറ്റ ഒഴിവിലേക്കുള്ള ശ്രീമതി. ബിജി എ.എസ്.ന്റെ 01.06.2010 മുതലുള്ള യു.പി.എസ്.റ്റി. തസ്തികയിലെ നിയമനം വ്യവസ്ഥാപിത ഒഴിവിലാണ്.

വ്യവസ്ഥാപിതമായ റഗുലർ ഒഴിവിലുള്ള ശ്രീമതി. ബിജി.എ.എസ്.ന്റെ 01.06.2010 മുതലുള്ള നിയമന വിഷയത്തിൽ 12.01.2010-ലെ ജി.ഒ.(പി)നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് കാണുന്നു. പാരിപ്പള്ളി അമൃത സംസ്കൃത ഹൈസ്കൂളിന്റെ യു.പി. വിഭാഗം പ്രീ-അപ്ഗ്രേഡ് വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ 28.06.2022-ലെ സ.ഉ.(പി) 178/2002/പൊ.വി.വ., 01.02.2006-ലെ ജി.ഒ.(പി)നം.46/2006/പൊ.വി.വ. ഉത്തരവുകളിലെ സംരക്ഷിതാധ്യാപക നിയമന വ്യവസ്ഥകളും ടിയാരിയുടെ കാര്യത്തിൽ ബാധകമാകുന്നില്ല. അതിനാൽ ടിയാരിയുടെ 01.06.2010 മുതലുള്ള നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിച്ച് നൽകണമെന്ന ഹർജിക്കാരിയുടെ ആവശ്യം പരിഗണന അർഹിക്കുന്നതാണ്.

5) ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളും അവർ സമർപ്പിച്ച രേഖകളും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും സർക്കാർ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ഹർജിക്കാരിയുടെ പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കന്ററി സ്കൂളിലെ 01.06.2010 മുതൽ 31.05.2011 വരെയുള്ള യു.പി.എസ്.ടി. നിയമനത്തിന് അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു:

(1) പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കന്ററി സ്കൂളിൽ യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി.ബിന്ദു ആർ.ജി.യുടെ എച്ച്.എസ്.ടി.(ഫിസിക്കൽ സയൻസ്) ആയുള്ള സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീമതി.ബിജി എ.എസ്.നെ 01.06.2010 മുതൽ നിയമിച്ചു.

(2)ഹർ ജിക്കാരിക്ക് 01.06.2011 മുതൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുകയും, ടി നിയമനത്തിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(3) ശ്രീമതി.ബിന്ദു ആർ.ജി.യുടെ 01.06.2010 മുതലുള്ള എച്ച്.എസ്.ടി.(പി.എസ്) സ്ഥാനക്കയറ്റ നിയമനം, ടിയാരി ഫയൽ ചെയ്ത WP(C)No. 28133/2020 കേസിന്റെ 16.12.2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 02.07.2021 തീയതിയിലെ G.O.(Rt)No.3237/2021/G.Edn പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ശ്രീമതി.ബിജി എ.എസ്.ന്റെ വ്യവസ്ഥാപിത ഒഴിവിലുള്ള യു.പി.എസ്.ടി. നിയമനം 01.06.2010 മുതൽ 31.05.2011 വരെ അംഗീകരിച്ചു നൽകാവുന്നതാണെന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

(4) വ്യവസ്ഥാപിത ഒഴിവിലുള്ള ഹർജിക്കാരിയുടെ 01.06.2010 മുതലുള്ള നിയമന വിഷയത്തിൽ 12.01.2010-ലെ G.O.(P)No. 10/10/G.Edn പ്രകാരമുള്ള ബോണ്ട് വ്യവസ്ഥകൾ ബാധകമാകുന്നതല്ലായെന്നും, പാരിപ്പള്ളി അമൃത സ്കൂളിന്റെ യു.പി.

വിഭാഗം പ്രീ-അപ്ഗ്രേഡഡ് വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ **G.O.(P)No.178/2002/G.Edn dated 28.06.2022, G.O.(P)No.46/2006/G.Edn dated 01.02.2006** എന്നിവയിലെ സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥകൾ ഹർജിക്കാരിയുടെ നിയമന കാര്യത്തിൽ ബാധകമാകുന്നില്ല എന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) **12.1.2010**-ലെ ജി.ഒ.(പി) **10/2010**/പൊ.വി.വ നമ്പർ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചതായി പരിഗണനയിലെടുത്തും എന്നാൽ മാനേജർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ **12.1.2010**-ലെ ജി.ഒ(പി)**10/2010**/പൊ.വി.വ നമ്പർ ഉത്തരവിനെതിരെ ഫയൽ ചെയ്ത കേസ് ഹർജിക്കാരിയുടെ അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിലുള്ള തീരുമാനത്തെ ബാധിക്കാൻ പാടില്ലാത്തതാണെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

7) മേൽ സാഹചര്യത്തിൽ, കൊല്ലം പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിലെ യു.പി. വിഭാഗത്തിൽ യു.പി.എസ്.ടി. ആയുള്ള ഹർജിക്കാരിയുടെ നിയമനം **01.06.2010** മുതൽ **31.05.2011** വരെ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം **(2)**-ലെ ബഹു : ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ,കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി എ.എസ് ബിജി, എച്ച്.എസ്.ടി (ഇംഗ്ലീഷ്) , അമൃത സംസ്കൃതം എച്ച് .എസ്. എസ് പാരിപ്പള്ളി ,കൊല്ലം **691574**

മാനേജർ , അമൃത സംസ്കൃതം എച്ച് .എസ്. എസ് പാരിപ്പള്ളി, കൊല്ലം

വിവര പൊതു ജനസമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സ.ഉ.(സാധാ) നം.2362/2023/GEDN

Signed by
Shahna Kumari S L
Date: 13-04-2023 10:50:58

സെക്ഷൻ ഓഫീസർ